(ഡി) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെയും ബ്രിട്ടീഷ് ഗവ ണ്മെന്റിന്റെ അന്താരാഷ്ട്ര വികസനവിഭാഗത്തിന്റെയും (ഡി.എഫ്.ഐ.സി) സംയുക്താഭിമുഖ്യത്തിൽ 1997 സെപ്തംബറിൽ നടത്തിയ പഠനത്തിൽ, കുട്ടി കളുടെ പഠന രീതിയിലും ക്ലാസ് റൂം പ്രവർത്തനങ്ങളിലും കാര്യമായ പുരോഗ തിയുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രമാനവ വിഭവശേഷി വിക സന മന്ത്രാലയം നേരിട്ട് നടത്തിയ 'മിഡ് ടേം അസസ്മെന്റ് സ്റ്റഡി'യിൽ ബേസ് ലൈൻ അസസ്മെന്റ് പഠനത്തിനേക്കാൾ സമൂഹത്തിലെ എല്ലാവി ഭാഗം കുട്ടികൾക്കും പഠനനേട്ടം വർദ്ധിച്ചതായി കണ്ടെത്തുകയുണ്ടായി. ഡൽഹിയിലെ എൻ.സി.ഇ.ആർ.ടി. നടത്തിയ പുതിയ പാഠപുസ്തകങ്ങളു ടെയും പാഠ്യപദ്ധതിയുടെയും വിലയിരുത്തലിന്റെ ഭാഗമായി രക്ഷിതാക്കളു മായും അദ്ധ്യാപകരുമായും കുട്ടികളുമായും സംസാരിച്ചും അവരെ നിരീ ക്ഷിച്ചും കണ്ടെത്തിയിട്ടുള്ളത് കുട്ടികളുടെ പഠന നേട്ടങ്ങളിൽ വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ്. ഡി.പി.ഇ.പി.യിലെ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് നടത്തിയ പഠനത്തിൽ പുതിയ പാഠ്യപദ്ധതി നടപ്പാക്കിയപ്പോൾ കുട്ടി കൾക്കിടയിൽ ആത്മവിശ്വാസം വർദ്ധിച്ചിട്ടുള്ളതായും ക്ലാസ്മുറികളിലെ പഠന സംസ്ക്കാരവും അദ്ധ്യാപക വിദ്യാർത്ഥി ബന്ധവും മെച്ചപ്പെട്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമേ, 1999 ജനുവരിയിൽ നടത്തിയ നാലാം അക്കാദമിക പഠനത്തിൽ നിന്നും ആശാവഹമായ പുരോഗതി ഉണ്ടായിട്ടുള്ള തായും കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഡി.പി.ഇ.പി. യുടെ ഭാഗമായി ആറുപ്രോജക്ട് ജില്ലകളിലെ എല്ലാ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിലും മാസത്തിലൊരിക്കൽ അതാതു ക്ലസ്റ്ററുകളിലെ അദ്ധ്യാപകർ പരിശീലനത്തിന് വിധേയരാകാറുണ്ട്. പരിശീലന ത്തിന് നേതൃത്വം കൊടുക്കുന്നത് ബി.ആർ.സി.കളിലെ ട്രയിനർമാരാണ്. ജില്ല യിലെ പ്രോഗ്രാം ഓഫീസർമാരും ബി.ആർ.സി. കോർഡിനേറ്റർമാരും മോണി റ്റർ ചെയ്യുന്നുണ്ട്.

32 (447) മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ പദ്ധതി പ്രകാരം അനുവദിച്ച തുക വിതരണം ചെയ്യാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയീൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ' പദ്ധതിപ്രകാരം കേന്ദ്രം അനുവദിച്ച തുക വിതരണം ചെയ്യാൻ ഇതിനകം തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ തുക വിതരണം ചെയ്യാനായി അർഹരായവരെ തെരെഞ്ഞെടുത്തിരുന്നുവോ;

(സി) പ്രസ്തുത തുക വിതരണം ചെയ്യാനായി പുതുതായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ഏതെങ്കിലും ജില്ല കളെ ഒഴിവാക്കിയിരുന്നുവോ;

(ഇ) എങ്കിൽ എന്തുകൊണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കേന്ദ്രം അനുവദിച്ച തുക എന്നത്തേക്ക് അർഹരായവർക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരഞ്ഞെടുത്തിരുന്നു.

(സി) കേന്ദ്രസർക്കാർ ഗ്രാന്റായി അനുവദിച്ച തുക വിതരണം ചെയ്യു വാനായി പുതുതായി അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈ മാസം തന്നെ പ്രസ്തുത തുക അർഹരായവർക്ക് നൽകു വാനാണ് ഉദ്ദേശിക്കുന്നത്.

33 (448) മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ' പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും രണ്ടാം ഗഡു വിഹിതം ഇതിനകം ലഭ്യ മായിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; തുക ലഭിച്ചിട്ടു ണ്ടെങ്കിൽ എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നതേയുള്ളു.

(സി) ചോദ്യം ഉദിക്കുന്നില്ല.

34 (449) ആദിവാസി മേഖലയിലെ വിദ്യാഭ്യാസം

ശ്രീ. ജോസ് ബേബി :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly